**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3929** **09-10-2025 - ൽ മറുപടിയ്ക്ക്**

**പശുക്കളുടെ അകിടുവീക്കം നിയന്ത്രിക്കുന്ന സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പശുക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന അകിടുവീക്കം നിയന്ത്രിക്കുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (എ) | പശുക്കളെ ബാധിക്കുന്ന ഒരു ബാക്ടീരിയൽ രോഗമാണ് അകിടുവീക്കം. പ്രസ്തുത രോഗം ശാസ്ത്രീയമായ കന്നുകാലി പരിപാലനത്തിലൂടെ നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. കന്നുകാലി പരിപാലനവുമായി ബന്ധപ്പെട്ട പരിസര ശുചിത്വം, ജൈവസുരക്ഷ എന്നിവ സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷകർക്ക് നടത്തി വരുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള Livestock Management Training Centre മുഖേന കർഷകർക്ക് ശാസ്ത്രീയ കറവപ്പശു വളർത്തൽ സംബന്ധിച്ച വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നുണ്ട്. ഇത് സംബന്ധിച്ച ലഘുലേഖകൾ വകുപ്പിന്റെ മൃഗസംരക്ഷണ കേന്ദ്രങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. രോഗനിയന്ത്രണവുമായി ബന്ധപ്പെട്ട് വകുപ്പിന്റെ കീഴിലുള്ള വെറ്ററിനറി കേന്ദ്രങ്ങളിൽ നിന്നും ക്ഷീര കർഷകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.<br><br>അകിട് വീക്ക രോഗനിർണ്ണയ സംവിധാനം എല്ലാ സംസ്ഥാന/മേഖല/ജില്ല തല ലാബുകളിലും ലഭ്യമാണ്. ഇതിനു പുറമെ പ്രാരംഭ രോഗനിർണ്ണയത്തിനായി മൃഗസംരക്ഷണ വകുപ്പ് 'കാലിഫോർണിയ മാസ്റ്റിറ്റിസ് ടെസ്റ്റ് റീയേജന്റ്' ഉല്പാദിപ്പിച്ച് സബ്സിഡിയോട്ടുകൂടി എല്ലാ മൃഗാശുപത്രികളിലും വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ